പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2034 18.06.2013 -ൽ മറുപടിക്ക്

**സ്റ്റുഡന്റ് പാസ്സ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ നിരവധി വിദ്യാർത്ഥികൾ മംഗലാപുരത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നത് അറിവുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അവർക്ക് ഈ റൂട്ടിൽ ഓടുന്ന കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ സ്റ്റുഡന്റ് പാസ്സ് നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | അന്യസംസ്ഥാനങ്ങളിൽ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ കൺസഷൻ ടിക്കറ്റ് യാത്ര അനുവദിച്ചിട്ടില്ല. എന്നിരുന്നാലും വിദ്യാർത്ഥികളുടെയും മറ്റ് സ്ഥിരം യാത്രക്കാരുടെയും ആവശ്യത്തെ കണക്കിലെടുത്ത് എല്ലാ വിഭാഗം യാത്രക്കാർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ 20 ദിവസത്തെ യാത്രാ നിരക്ക് ഈടാക്കിക്കൊണ്ട് ഒരു മാസം യാത്ര ചെയ്യാവുന്ന രീതിയിൽ സീസൺ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗകര്യം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും അവിടത്തെ നിവാസികൾ പാവപ്പെട്ടവരാണെന്നതും പരിഗണിച്ച് യാത്രാപാസ്സ് അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ